## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - ഫിലോസഫി വിഭാഗം - പൊതുസ്ഥലം മാറ്റം-2017 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം.എ 4/9275/2017/കോവി.വ — തീയതി: 31/05/2017

---

പരാമർശം:-1) ഈ ഓഫീസിലെ 13/02/2017 തീയതിയിലെ എ 1/1578/2017/കോ.വി.വ. നമ്പർ സർക്കുലർ.

2) ജി.ഒ. (എം.എസ്) നം. 27/1994/ഉ.വി.വ. തീയതി 21/02/1994.

3) സ.ഉ. (പി) നം. 3/2017/ഉ.ഭ.പ.വ. തീയതി 25/2/17

4) 19/05/2017 തീയതിയിലെ ഇതേ നം. കരട് സ്ഥലംമാറ്റ പട്ടിക.

### ഉത്തരവ്

സർക്കാർ കോളേജുകളിലെ ഫിലോസഫി വിഭാഗം അദ്ധ്യാപകരുടെ 2017 -ലെ പൊതുസ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (4) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് 30/05/2017 വൈകുന്നേരം 5.00 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം ഫിലോസഫി വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീ. സായി റാം ആർ<br>ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി<br>(അപേക്ഷ) | ഗവൺമെന്റ് കോളേജ്, മാനന്തവാടിയിൽ നിന്നും ഡോ. കെ.എം. ജോസ് പ്രിൻസിപ്പാളായി പ്രൊമോഷൻ ആയ ഒഴിവിൽ |
| 2 | ഡോ. എം. ശ്രീകുമാർ<br>ഗവൺമെന്റ് കോളേജ്, ചിറ്റൂർ<br>(അപേക്ഷ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ നിലവിലെ ഒഴിവിൽ |

| | | |
|---|---|---|
| 3 | ശ്രീമതി. വിജിത വി<br>ഗവൺമെന്റ് കോളേജ്, ചിറ്റൂർ<br>(അപേക്ഷ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഡോ. എസ്.എ. ഷാജഹാൻ പ്രിൻസിപ്പാൾ ആയി പ്രൊമോഷനായ ഒഴിവിൽ |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പരമാവധി പത്ത് ദിവസത്തിനകം ജോയിൻ ചെയ്യേണ്ടതാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. **എന്നാൽ അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് ജോയിനിംഗ് ടൈമിന് അർഹത ഉണ്ടായിരിക്കുന്നതല്ല.**

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedn.kerala.gov.in) ഈ ഉത്തരവ് ഡൗൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്/-
എം.എസ്. ജയ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

പകർപ്പ്:-

1) വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2) ബന്ധപ്പെട്ട പ്രിൻസിപ്പാൾ/അദ്ധ്യാപകർ
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, കോട്ടയം
4) നടപ്പ് ഫയൽ / കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈറ്റി. 1/6/17